# ഇറാനിലെ അധോലോകം

■ *ഇറാൻ സംബന്ധമായി 'ഗാർഡിയൻ' പത്രത്തിൽ വന്ന ഒരു ഞെട്ടിക്കുന്ന വാർത്തയാണീ ചോദ്യഹേതു. വാർത്ത ചുവടെ: "ഇറാൻ പുറത്ത് പ്രദർശിപ്പിക്കുന്ന ഇരുമ്പുമറക്കു പിന്നിൽ മതാധിപത്യത്തിന്റെ കെട്ടുപാടുകൾ അയയുകയാണോ? കുറഞ്ഞപക്ഷം ലൈംഗിക സദാചാരത്തിന്റെ കാര്യത്തിലെങ്കിലും അങ്ങനെയാണ് ഇറാൻ കടന്നുപോയിക്കൊണ്ടിരിക്കുന്നതെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 70,000–1,20,000–ത്തിനും ഇടയിൽ എച്ച്.ഐ.വി ബാധിതർ ഇപ്പോൾ ഇറാനിലുണ്ടെന്ന് ലോകാരോഗ്യ സംഘടനയും ഇറാൻ ആരോഗ്യമന്ത്രാലയവും പറയുന്നു. 2005–ൽ 1600 എയിഡ്സ് മരണങ്ങൾ ഇറാനിലുണ്ടായി. എയിഡ്സ് ബാധിതരായ 15–നും 40–നും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ എണ്ണം 11,000 വരും. ശരീരവിൽപനയിലൂടെ ജീവിക്കുന്ന സ്ത്രീകളുടെ എണ്ണം മൂന്നു ലക്ഷത്തോളമെത്തും. എയിഡ്സിനെയും രോഗവ്യാപനത്തെയും കുറിച്ചുള്ള അജ്ഞതയും ഇറാനിയൻ സമൂഹത്തിൽ വ്യാപകമാണെന്നുള്ളതും പ്രശ്നം രൂക്ഷമാക്കുന്നു. മതപരമായ പ്രശ്നങ്ങൾ കാരണം കൂടുതൽ തുറന്നടിച്ചുള്ള ബോധവത്കരണത്തിന് ഇറാനിൽ പരിമിതികൾ ഉണ്ട്". ഈ വാർത്തയോട് മുജീബിന്റെ പ്രതികരണം?*

***കെ.പി നസീറ അശ്റഫ്, മേലെ ചൊവ്വ, കണ്ണൂർ***

**പാ**ശ്ചാത്യമാധ്യമങ്ങളിൽ ഇറാനെക്കുറിച്ച് വരുന്നതൊക്കെ അപ്പടി ശരിവെക്കാൻ വയ്യ എന്നതാണ് ഒന്നാമത്തെ കാര്യം. മതമൗലികവാദം എന്ന് അവർ കുറ്റപ്പെടുത്തുന്ന ഇസ്ലാമിക നവജാഗരണത്തിന്റെ കൊടിയ ശത്രുക്കളാണ് പാശ്ചാത്യർ. ഇറാനെയാകട്ടെ രാഷ്ട്രീയമായും അവർ ശത്രുവായി കാണുന്നു. അതിനാൽ *ദ ഗാർഡിയനിൽ* വന്നു എന്നതുകൊണ്ട് മാത്രം വാർത്ത സത്യസന്ധമാവണമെന്നില്ല.

എന്നാൽ ആസൂത്രിതവും ശ്രമകരവും ഭദ്രവുമായ ഒരു ആഭ്യന്തര സംസ്കരണത്തിന് ശേഷമല്ല ആയത്തുല്ലാഹ് ഖുമൈനി ഇറാനെ പഹ്ലവി കുടുംബവാഴ്ചയിൽനിന്ന് മോചിപ്പിച്ചതെന്ന സത്യം കൂടി നമ്മുടെ മുമ്പിലുണ്ടാവണം. ഇന്ത്യയിലെ രജനീഷിനെപ്പോലെ തികഞ്ഞ അരാജകത്വം ഉദ്ഘോഷിച്ച മസ്ദകിസത്തിന് വരെ വേരോട്ടം ലഭിച്ച നാടാണ് ഇറാൻ. മുഹമ്മദ് രിസാ ശാഹ് പഹ്ലവിയുടെ കാലത്ത് പാശ്ചാത്യ സംസ്കാരത്തിന്റെ തേർവാഴ്ചയായിരുന്നു ഇറാനിൽ. പ്രതിരോധിക്കാൻ ശീഈപൗരോഹിത്യം നടത്തിയ ശ്രമങ്ങൾ വിഫലങ്ങളായിരുന്നില്ല. എങ്കിലും വിദ്യാഭ്യാസവും സംസ്കാരവും കലയുമാകെ പാശ്ചാത്യ അധിനിവേശത്തിന് വിധേയമായ ഒരു രാജ്യത്ത് പൊടുന്നനെ രൂപപ്പെട്ട രാഷ്ട്രീയ വിപ്ലവത്തിന് ജനജീവിതത്തിൽ മഹാത്ഭുതമൊന്നും ചെയ്യാനാവില്ല. ഇഖ്വാനുൽ മുസ്ലിമൂൻ, ജമാഅത്തെ ഇസ്ലാമി പോലുള്ള ഇസ്ലാമിക പ്രസ്ഥാനങ്ങളും ഇറാനിൽ പ്രവർത്തിക്കുന്നില്ല. വിപ്ലവാനന്തരം രാജ്യത്തെ തങ്ങളുടേതായ വീക്ഷണത്തിലൂടെ ഇസ്ലാമികവത്കരിക്കാൻ ഇറാൻ ഭരണകൂടം ശ്രദ്ധിക്കുന്നുണ്ടെന്നത് ശരിയാണ്. തദ്ഫലമായി സിനിമ, ടെലിവിഷൻ മേഖലകളിലടക്കം മാറ്റങ്ങൾ പ്രകടവുമാണ്. എങ്കിലും സമഗ്രമായ ഒരു സംസ്കരണപദ്ധതി ആവിഷ്കരിച്ച് ആസൂത്രിതമായി നടപ്പാക്കിയെങ്കിൽ മാത്രമേ അധാർമികതയിൽനിന്നും അസാന്മാർഗികതയിൽനിന്നും സമൂഹത്തെ പൂർണമായി രക്ഷിക്കാനാവൂ. അപ്പോഴും നിലവിലെ ലോക സാഹചര്യങ്ങളുടെ സ്വാധീനത്തിൽനിന്ന് ഒരു ജനതയെ തീർത്തും മാറ്റിയെടുക്കുക എളുപ്പമല്ല.

## കമ്യൂണിസ്റ്റുകളുമായി സഹകരണം

■ *"ആഗോളതലത്തിൽ തന്നെ മുസ്ലിംകൾക്കും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുമിടയിൽ ഒരു സമവായം രൂപപ്പെട്ടുവരുന്നുണ്ടെന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. ......... സാമ്രാജ്യത്വത്തിന്റെ പഴയ ശത്രു കമ്യൂണിസ്റ്റുകളായിരുന്നു. അഫ്ഗാനിലെ കമ്യൂണിസ്റ്റ് ഭരണത്തെ അട്ടിമറിച്ചത്, സോവിയറ്റ് റഷ്യയെ നാമാവശേഷമാക്കിയത്, വിയറ്റ്നാം, കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയെ താഴെയിറക്കാൻ– ഇവിടെങ്ങളിലെല്ലാം അമേരിക്ക ആവത് ശ്രമിച്ചു........ കാലം മാറിയപ്പോൾ കമ്യൂണിസ്റ്റുകാരുടെ സ്ഥാനത്ത് മുസ്ലിംകളായി സാമ്രാജ്യത്വത്തിന്റെ മുഖ്യശത്രു. സാമ്രാജ്യത്വവിരുദ്ധ സമരമുഖത്ത് ജ്വലിച്ചുനിൽക്കുന്ന രണ്ട് വിഭാഗങ്ങൾ മുസ്ലിംകളും കമ്യൂണിസ്റ്റുകളുമാണ്.*

*ഇങ്ങനെയൊരു ഘട്ടത്തിൽ സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിൽ മുസ്ലിംകളുമായി കൈകോർക്കാൻ സന്നദ്ധരായി കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ എത്തുമ്പോൾ നാമെന്തിന് 'നോ' പറയണം?" ('മതവും കമ്യൂണിസവും' എന്ന തലക്കെട്ടിൽ 2007 ഫെബ്രുവരി 18–ന് സിറാജ് ദിനപത്രത്തിൽവന്ന ലേഖനത്തിൽനിന്ന്). മുജീബിന്റെ പ്രതികരണം?*

***റശീദ് വെളിയങ്കോട്, അബൂദബി***

**സോ**വിയറ്റ് യൂനിയന്റെ പതനത്തിനു ശേഷം അമേരിക്ക ഇസ്ലാമിക പ്രസ്ഥാനങ്ങളെ മുഖ്യശത്രുക്കളായി കാണുകയും മുസ്ലിംലോകത്ത് സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്നത് വാസ്തവമാണ്. അമേരിക്കൻ സാമ്രാജ്യത്വത്തെ ചെറുക്കാൻ ആരൊക്കെ തയാറാണോ അവരുടെയെല്ലാം കൂട്ടായ്മ കാലത്തിന്റെ അനുപേക്ഷ്യതയാണെന്നത് സത്യമാണ്. അതിന്റെ ഭാഗമായി കമ്യൂണിസവുമായുള്ള മൗലികമായ വിയോജനം നിലനിർത്തിക്കൊണ്ടുതന്നെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിൽ ഇടതുപക്ഷവുമായി കൈകോർക്കേണ്ടിവരും. ഈ നയംമാറ്റം അവതരിപ്പിച്ചതുതന്നെ ഇസ്ലാമികപ്രസ്ഥാനങ്ങളാണ്. ഇസ്ലാമിനെ അരാഷ്ട്രീയവത്കരിച്ച മതസംഘടനകൾക്കും പണ്ഡിതന്മാർക്കും ഈ ദിശയിൽ ചിന്തിക്കാൻ ഗുരുതരമായ പരിമിതികളുണ്ട്. 'ഞങ്ങളെ സഹായിച്ചവരെ ഞങ്ങളും സഹായിക്കും' എന്ന കച്ചവട മനസ്സിന് രാഷ്ട്രീയമോ ഇസ്ലാമികമോ ആയ മാനങ്ങളില്ല. അങ്ങനെ ചിന്തിക്കുന്നവർ കമ്യൂണിസം പോലുള്ള പ്രത്യയശാസ്ത്രങ്ങളുമായി കൈകോർക്കാൻ പോയാൽ നരിപ്പുറത്ത് സവാരി ചെയ്ത മദാമ്മയുടെ അനുഭവമാണുണ്ടാവുക. ആദർശതലത്തിലെ ആശയസമരം തുടർന്നുകൊണ്ടുതന്നെ സാമ്രാജ്യത്വത്തിനും ഫാഷിസ

ത്തിനുമെതിരായ പോരാട്ടത്തിൽ ഇടതുപക്ഷമടക്കം സഹകരിക്കുന്ന എല്ലാവരെയും അണിനിരത്തുക എന്ന സമീപനമാണ് കാലഘട്ടത്തിന്റെ താൽപര്യം.

## വ്യതിചലനം മനുഷ്യപ്രകൃതി

■ *ഇസ്‌ലാം മതത്തിന് മനുഷ്യനോളം കാലപ്പഴക്കമില്ലേ? ലക്ഷത്തിൽ പരം പ്രവാചകന്മാർ വന്ന് പ്രബോധനം ചെയ്തിട്ടില്ലേ? അന്ത്യപ്രവാചകൻ മുഹമ്മദ് നബി (സ)യും വന്നിട്ടില്ലേ? എന്നിട്ടും ലോകജനതയിലധിക പേരുമിന്ന് അനിസ്‌ലാമികതയിൽതന്നെയല്ലേ? മുസ്‌ലിംകൾ പോലുമിന്ന് അന്ധവിശ്വാസ തടവറയിലും മാമൂലിന്റെ നൂലാമാലയിലും തന്നെയല്ലേ? മുസ്‌ലിംകൾ അധികപേരുമിന്ന് വ്യാജമന്ത്രത്തിലും മാരണത്തിലും കണ്ണേറിലും കരിനാക്കിലും വിശ്വസിച്ച് കറകളഞ്ഞ തൗഹീദിൽനിന്ന് വ്യതിചലിച്ചവർ തന്നെയല്ലേ?*

***ഇ.സി റംല, പള്ളിക്കൽ***

**മാ**നവ ചരിത്രത്തിൽ ലക്ഷത്തിൽ പരം പ്രവാചകർ നിയുക്തരാവേണ്ടിവന്നതുതന്നെ, നേർമാർഗത്തിൽനിന്ന് വ്യതിചലിക്കുക മനുഷ്യപ്രകൃതിയായതുകൊണ്ടാണല്ലോ. അല്ലെങ്കിൽ ലോകാവസാനം വരെ ഒരേയൊരു പ്രവാചകൻ മതിയായിരുന്നു. മറവിയും ദേഹേഛയോടുള്ള വിധേയത്വവും സാഹചര്യങ്ങളുടെ സ്വാധീനവും മനുഷ്യരുടെ വ്യതിചലനങ്ങൾക്ക് കാരണങ്ങളാണ്. അന്ത്യപ്രവാചകരായ മുഹമ്മദ് നബി(സ) ഇസ്‌ലാമിനെ സമ്പൂർണ രൂപത്തിൽ അന്തിമമായി അവതരിപ്പിക്കുകയും അതിനെ പ്രയോഗവത്കരിച്ച് കാണിച്ചുതരികയും ചെയ്തതോടൊപ്പം കാലക്രമേണ ജനങ്ങൾ വഴിതെറ്റിപ്പോവാനുള്ള സാധ്യത അദ്ദേഹം ദീർഘദർശനം ചെയ്തിട്ടുണ്ട്. പുലരുമ്പോൾ മുസ്‌ലിമായിരുന്നവൻ സന്ധ്യമയങ്ങുമ്പോൾ അവിശ്വാസിയാവുന്ന കാലത്തെക്കുറിച്ചു വരെ നബി പ്രവചിച്ചിട്ടുണ്ട്. ജനങ്ങൾ മുഴുവൻ കള്ളം മാത്രം പറയുന്ന ഒരു കാലത്ത് ഒരു നേര് പറയുന്നവനാവും അന്നത്തെ പരമസത്യസന്ധൻ എന്നുവരെ പ്രവാചക പ്രവചനങ്ങളിൽ കാണാം. ആ നിലക്ക് അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും വലിയൊരു വിഭാഗം മുസ്‌ലിംകൾ അകപ്പെട്ടു കാണുന്നത് അപ്രതീക്ഷിതമായ പരിണതിയല്ല. എന്നാൽ നിലവിലെ മുസ്‌ലിംസമൂഹത്തിൽ ഗണ്യമായ ഭാഗം അടിസ്ഥാനപരമായി ഇസ്‌ലാമിലും ഇസ്‌ലാമിക ജീവിതരീതിയിലും ഉറച്ചുനിൽക്കുന്നവരാണെന്ന വസ്തുത കാണാതെ പോവരുത്. 'എന്റെ സമുദായത്തിൽ ഒരു വിഭാഗം അന്ത്യനാൾ വരെ സത്യത്തിനുവേണ്ടി പൊരുതുന്നവരായുണ്ടാവും' എന്ന നബി(സ)യുടെ പ്രവചനം പൊളിവാക്കല്ല. ഓരോ നൂറ്റാണ്ടിലും ജനങ്ങൾ ദുഷിപ്പിച്ചതിനെ സംസ്കരിക്കുന്ന പരിഷ്കർത്താക്കൾ വരുമെന്നതും നബിവചനമാണ്. നമ്മുടെ കാലഘട്ടത്തിലാകട്ടെ ശിർക്ക്-ബിദ്അത്തുകൾക്കും അധാർമികവൃത്തികൾക്കും അനിസ്‌ലാമിക ചിന്തകളുടെ കടന്നുകയറ്റത്തിനുമെതിരെ പോരാട്ടത്തിലേർപ്പെട്ട സുശക്ത ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സാന്നിധ്യം അനിഷേധ്യമാണു താനും.

## ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആഗോള കൂട്ടായ്മ

■ *ആഗോള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ബഹുജനാടിത്തറയുണ്ടാക്കി പ്രവർത്തന മേഖല വിപുലീകരിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും ആഗോള ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെയും പ്രവർത്തന മേഖല വ്യത്യസ്തമാണെങ്കിലും അവയുൾക്കൊള്ളുന്ന ദാർശനിക-വൈജ്ഞാനിക-പ്രത്യയശാസ്ത്ര പരിപ്രേക്ഷ്യം ഒന്നാണ്. ദാർശനികതലത്തിൽ ആഗോള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പരസ്പരം ആശയവിനിമയം നടത്തുന്നുണ്ടെങ്കിലും ഭൂമി ഗ്ലോബൽ വില്ലേജായി മാറിയ സൈബർ യുഗത്തിൽ, പ്രായോഗിക മേഖലയിൽ കൊള്ളലുകൾക്കും കൊടുക്കലുകൾക്കും പ്രസക്തിയില്ലേ? പ്രസക്തിയുണ്ടെങ്കിൽ ഒരു വിടവ് ഈ ചിന്താപരിസരത്ത് ബാക്കിനിൽക്കുന്നില്ലേ? ആഗോള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തമ്മിൽ പാലം പണിയാൻ എന്ത് കർമപദ്ധതിയാണ് സ്വീകരിക്കേണ്ടത്?*

***നിയാസുർറഹ്മാൻ***
***പെർള, കാസർകോട്***

**വി**വിധ രാജ്യങ്ങളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഒറ്റപ്പെട്ട തുരുത്തുകളിലായി കഴിയുകയല്ല, അവക്കിടയിൽ ആശയവിനിമയവും ലക്ഷ്യപ്രാപ്തിക്കായുള്ള നയപരിപാടികളെക്കുറിച്ച ചർച്ചകളും പൊതു വിപത്തിനെ യോജിച്ചു നേരിടാനുള്ള തീരുമാനങ്ങളുമൊക്കെ നടന്നിട്ടുണ്ട്, ഇപ്പോഴും നടക്കുന്നുമുണ്ട്. ഭിന്ന ദേശീയ സാഹചര്യങ്ങളും ഭരണകൂടങ്ങളുടെ ശത്രുതാപരമായ നിലപാടുകളും കണക്കിലെടുത്ത് ഓരോ രാജ്യത്തെയും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തനതായ നയപരിപാടികളും അജണ്ടയും നിശ്ചയിക്കുന്നത് പ്രായോഗിക ചിന്തയുടെ ഫലമാണ്. വൈജ്ഞാനിക മേഖലയിൽ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, ശഹീദ് സയ്യിദ് ഖുത്വ്ബ്, ശൈഖ് മുഹമ്മദുൽ ഗസാലി, ഡോ. യൂസുഫുൽ ഖറദാവി തുടങ്ങിയ പ്രാസ്ഥാനിക പ്രതിഭകളുടെ കൃതികളാണ് സാർവദേശീയതലത്തിൽതന്നെ പ്രയോജനപ്പെടുത്തുന്നത്. അന്താരാഷ്ട്ര ഇസ്‌ലാമിക കലാശാലകളിലൂടെ ദേശ, ഭാഷ അതിരുകൾക്കപ്പുറത്തെ വൈജ്ഞാനിക ഉദ്ഗ്രഥനവും നടക്കുന്നു.

## ആരാണ് മുഖ്യ ശത്രു?

■ *ഒരു ദൈവത്തിലും ഒരു വേദത്തിലും ഒരു പ്രവാചകനിലും വിശ്വസിക്കുന്ന മുസ്‌ലിംസമൂഹം ഇന്ന് പരസ്പരം കടിച്ചുകീറുന്ന ഭ്രാന്തമായ അവസ്ഥയിൽ എത്തിനിൽക്കുന്നു. ലോകത്തുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ, ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും മുഖ്യ ശത്രുവായി അമേരിക്കയെ കാണുമ്പോൾ, സ്വന്തം സമുദായത്തിലെ തന്നെ ഒരു വിഭാഗമാണ് യഥാർഥ ശത്രു എന്ന് തിരിച്ചറിയാതെ പോകുന്നു. അഫ്ഗാനിസ്താനെയും ഇറാഖിനെയും കടന്നാക്രമിക്കാൻ അമേരിക്കക്ക് സൗകര്യവും ഒത്താശയും ചെയ്തുകൊടുത്തത് മുസ്‌ലിം ഭരണാധികാരികളായിരുന്നു. സദ്ദാമിന്റെ ഒളിത്താവളം ഒറ്റിക്കൊടുത്തതും വധശിക്ഷ വിധിച്ചതും തൂക്കിക്കൊന്നതും മുസ്‌ലിംകളായിരുന്നു. മുസ്‌ലിം രാജ്യങ്ങളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ തമ്മിൽ തല്ലിക്കാനും ഭിന്നിപ്പുണ്ടാക്കി തകർക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നത് മുസ്‌ലിം ഭരണാധികാരികൾ തന്നെയാണ്. ഇവിടെ, ഈ കൊച്ചു കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ ഒതുക്കാനും അപഹസിക്കാനും ഏറ്റവും കൂടുതൽ പരിശ്രമിക്കുന്നത് മുസ്‌ലിം സംഘടനകളും അതിന്റെ നേതാക്കളും തന്നെയാണ്.*

*ചുരുക്കത്തിൽ, ഇസ്‌ലാമിനെ വികലമായി മനസ്സിലാക്കിയ മതപുരോഹിതന്മാരും സ്വന്തം അധികാരവും പ്രതാപവും നഷ്ടപ്പെടുമെന്ന് ഭയന്ന് സ്വന്തം രാജ്യത്തിന്റെ സുരക്ഷ അമേരിക്കക്ക് തീറെഴുതി കൊടുത്ത് ഭരണം നടത്തുന്ന മുസ്‌ലിം ഭരണാധികാരികളുമല്ലേ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ശത്രുക്കൾ? ശത്രു സ്വന്തം പാളയത്തിൽ തന്നെയല്ലേ?*

***ടി.എ അശ്റഫ്***
***പെരുമ്പാവൂർ***

**സ്ഥി**തിഗതികൾ പ്രത്യക്ഷത്തിൽ എത്രതന്നെ പ്രതികൂലവും അസ്വാസ്ഥ്യജനകവുമാണെങ്കിലും സംയമനം കൈവിടാതെ യാഥാർഥ്യബോധത്തോടെയുള്ള വിലയിരുത്തലുകളാണ് ഇസ്‌ലാമികപ്രവർത്തകർ നടത്തേണ്ടത്.

സുദീർഘമായ വിദേശാധിപത്യകാലഘട്ടത്തിൽ മുസ്‌ലിംസമൂഹങ്ങളുടെ ചിന്തയും സംസ്കാരവും ജീവിതശൈലിയുമാകെ അട്ടിമറികൾക്ക് വിധേയമായി. കോളനി തമ്പുരാക്കൾ കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെ രാഷ്ട്രീയാധികാരം ഒഴിഞ്ഞുപോയെങ്കിലും ചിന്തയി

ലും സംസ്കാരത്തിലും തങ്ങളോടുള്ള പൂർണ വിധേയത്വം പുലർത്തുന്നവരെ ഭരണമേൽപിച്ചായിരുന്നു വിടവാങ്ങൽ. അവരാകട്ടെ, ഇസ്‌ലാമിക ജീവിതവ്യവസ്ഥയെക്കുറിച്ച് തികഞ്ഞ അജ്ഞരോ അതിന്റെ ശത്രുക്കളോ ആയിരുന്നു. തുടർന്ന് മുസ്‌ലിം രാജ്യങ്ങളിലൊന്നിലും യഥാർഥ ജനാധിപത്യം പുലരാതിരിക്കാൻ പട്ടാളമേധാവികളോ കുടുംബവാഴ്ചക്കാരോ ആയ ഭരണാധികാരികൾ ശ്രദ്ധിച്ചുകൊണ്ടേവന്നു. ഇന്നും സ്ഥിതിയിൽ വലിയ മാറ്റമില്ല. ജനാധിപത്യം നാമമാത്രമായെങ്കിലും പുലർന്ന മുസ്‌ലിംനാടുകളിൽ ഇസ്‌ലാമിക ശക്തികൾ ജനപിന്തുണ ഉറപ്പിച്ചതാണ് അൾജീരിയ, ഈജിപ്ത്, ജോർദാൻ, ഫലസ്ത്വീൻ, തുർക്കി, പാകിസ്താൻ, ഇറാൻ, ബംഗ്ലാദേശ്, ഇന്തോനേഷ്യ പോലുള്ള രാജ്യങ്ങളിലൊക്കെയും കണ്ടത്. ഈ ഉയിർത്തെഴുന്നേൽപിനെ അടിച്ചമർത്താൻ സാമ്രാജ്യത്വവും സയണിസവും ഏകാധിപതികളും കൈകോർക്കുന്നതാണ് വർത്തമാനകാല കാഴ്ച. ഇസ്‌ലാമിനെ അരാഷ്ട്രീയവത്കരിച്ച മതപണ്ഡിതന്മാരും ആസ്ഥാന പുരോഹിതന്മാരും ഇതിനൊക്കെ മേലൊപ്പ് ചാർത്തുന്നുണ്ടെങ്കിലും ഇസ്‌ലാമിനോട് പ്രതിബദ്ധത പുലർത്തുന്ന ധീരരായ പണ്ഡിതന്മാരും കൂട്ടായ്മകളും സജീവരംഗത്തുണ്ടെന്ന വസ്തുത കാണാതിരിക്കരുത്. മുഖ്യ ശത്രു സാമ്രാജ്യത്വം തന്നെയാണ്. സാമ്രാജ്യത്വവാദികളുടെ കുതന്ത്രങ്ങളിൽ വീഴുന്നവരെ ഒന്നാം നമ്പർ ശത്രുക്കളായി കാണാനാവില്ല. ഏറ്റവും ഒടുവിൽ സുഊദി അറേബ്യയുടെ അബ്ദുല്ല രാജാവ് മുൻകൈയെടുത്ത് ഫലസ്ത്വീനിൽ ഹമാസിനെയും ഫതഹിനെയും ധാരണയിലെത്തിക്കാൻ സഫലമായി യത്നിച്ചതും ഇറാനുമായുള്ള ബന്ധം മെച്ചപ്പെടുത്തി വംശീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നതും യഥാർഥ വെല്ലുവിളി തിരിച്ചറിയുന്ന ഭരണാധികാരികളും ഉണ്ടെന്നതിന്റെ തെളിവുകളാണ്. ഇന്ത്യയിലാകട്ടെ ഫാഷിസത്തിനെതിരായ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിലും മുസ്‌ലിം ന്യൂനപക്ഷത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും നടക്കുന്ന ശ്രമങ്ങളിൽ മുസ്‌ലിം സംഘടനകളും പണ്ഡിതന്മാരും സഹകരിക്കുന്നത് ശുഭലക്ഷണമാണ്. അതിനാൽ മുസ്‌ലിം ഭരണാധികാരികളെയോ മതനേതൃത്വങ്ങളെയോ മുഖ്യശത്രുക്കളായി കാണുന്ന സമീപനം ഇസ്‌ലാമികപ്രസ്ഥാനം അംഗീകരിക്കുന്നില്ല. ■